LBRD-C3/25/2026-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ മലയിൻകീഴ് ഐ.ടി.ഐ.യിലെ തകരാറിലായ ഇൻഡോർ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.736/2026/LBR തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 15.05.2026-ലെ ഡി.റ്റി/275/2026-ഇ7 നമ്പർ കത്ത്.

**ഉത്തരവ്**

മലയിൻകീഴ് ഐ.ടി.ഐയിലെ തകരാറിലായ ഇൻഡോർ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കുന്നതിന് പൊതുമരാമത്തു വകുപ്പിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റ് പരിഗണിച്ചുകൊണ്ട് 5,55,000/- (അഞ്ച് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി "2230-03-101-99 -ITIs-17 Minor works (Non Plan)-2026-27" ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മലയിൻകീഴ് ഐ.ടി.ഐ.യിലെ തകരാറിലായ ഇൻഡോർ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തിക്ക് 5,55,000/- (അഞ്ച് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ ഇനത്തിൽ വരുന്ന ചെലവ് "2230-03-101-99-ITIs-17 Minor works (NP)" എന്ന ശീർഷകത്തിൽ നിന്നും നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (20.06.2026-ലെ No. 3448919/LBR-2/80/2026-FIN പ്രകാരം)

4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usha Rani L

Date: 04-07-2026 13:22:20

സെക്ഷൻ ഓഫീസർ

പകർപ്പ്: പകർപ്പ്: ബഹു.വനം, വന്യജീവി, നൈപുണ്യ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.